فَضَائِلُ التَّسْبِيحِ

തസ്ബീഹിന്റെ മഹത്വങ്ങൾ

അല്ലാഹുﷻവിന് തസ്ബീഹ് ചെയ്യുന്നതിന്റെ മഹത്വങ്ങളും സന്ദർഭങ്ങളും അറിയിക്കുന്ന ധാരാളം വചനങ്ങൾ വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും വന്നിട്ടുണ്ട്. വിവിധ പ്രയോഗങ്ങളിലൂടെയും ശൈലികളിലൂടെയും എൺപതിലേറെ തവണ തസ്ബീഹ് വിശുദ്ധക്വുർആനിൽ തന്നെ വന്നിട്ടുണ്ട്.

വിശുദ്ധക്വുർആനിലെ എട്ടു സൂറത്തുകളുടെ തുടക്ക വചനങ്ങൾ അല്ലാഹുﷻവിനു തസ്ബീഹ് ഉൾകൊള്ളുന്നതായി നമുക്കു കാണാം:

﴿ ..... سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴾ النحل: ١ ﴿ سُبْحَٰنَ ٱلَّذِىٓ أَسْرَىٰ بِعَبْدِهِۦ ﴾ الإسراء: ١ ﴿ سَبَّحَ لِلَّهِ مَا فِى ٱلسَّمَٰوَٰتِ ﴾ الحديد: ، الحشر: ١ ،الصف: ١ ﴿ يُسَبِّحُ لِلَّهِ مَا فِى ٱلسَّمَٰوَٰتِ ﴾ الجمعة: ١ ، التغابن: ١ ﴿ سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ﴾ الأعلى: ١

മുഴുവൻ പടപ്പുകളാലും തസ്ബീഹ് നിർവഹിക്കപ്പെടുന്നവനാണ് അസ്സുബ്ബൂഹ് ആയ അല്ലാഹുﷻ.

﴿ تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبْعُ وَٱلْأَرْضُ وَمَن فِيهِنَّ ۚ وَإِن مِّن شَىْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ ۗ ﴾ الإسراء: ٤٤

﴿ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു യാതൊരു വസ്തുവും അവനെ സ്തുതിച്ചു കൊണ്ട് (അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷെ അവരുടെ കീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല.....﴾ (വി. ക്വു. 17: 44)

മലക്കുകൾ അല്ലാഹുﷻവിന്ന് തസ്ബീഹ് ചെയ്യുന്നവരാണ്. മലക്കുകളുടെ തസ്ബീഹിന്റെ വിഷയത്തിൽ ആറു വചനങ്ങൾ വിശുദ്ധ ക്വുർആനിലുണ്ട്.

﴿ ٱلَّذِينَ يَحۡمِلُونَ ٱلۡعَرۡشَ وَمَنۡ حَوۡلَهُۥ يُسَبِّحُونَ بِحَمۡدِ رَبِّهِمۡ ﴾ غافر: ٧

﴿സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുന്നു. .....﴾ (വി. ക്വു. 40: 7)

﴿.....അവന്റെ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നത് വിട്ട് അഹങ്കരിക്കുകയില്ല. അവർക്ക് ക്ഷീണം തോന്നുകയുമില്ല. അവർ രാവും പകലും (അല്ലാഹുവിന്റെ പരിശുദ്ധിയെ) പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവർ തളരുകയില്ല.....﴾(വി. ക്വു. 21: 19, 20)

﴿ وَإِنَّا لَنَحۡنُ ٱلصَّآفُّونَ ١٦٥ وَإِنَّا لَنَحۡنُ ٱلۡمُسَبِّحُونَ ﴾ الصافات: ١٦٥ ـــ ١٦٦

﴿തീർച്ചയായും ഞങ്ങൾ തന്നെയാണ് അണിനിരന്നു നിൽക്കുന്നവർ. തീർച്ചയായും ഞങ്ങൾ തന്നെയാണ് (അല്ലാഹുവിന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കുന്നവർ.﴾ (വി. ക്വു. 37: 165, 166)

ജന്തുമൃഗാദികളും പർവ്വതങ്ങളും അല്ലാഹുﷻവിന്ന് തസ്ബീഹ് ചെയ്യുന്നവയാണ്.

﴿ إِنَّا سَخَّرۡنَا ٱلۡجِبَالَ مَعَهُۥ يُسَبِّحۡنَ بِٱلۡعَشِيِّ وَٱلۡإِشۡرَاقِ ١٨ وَٱلطَّيۡرَ مَحۡشُورَةً كُلٌّ لَّهُۥٓ أَوَّابٌ ﴾ ص: ١٨ ـــ ١٩

﴿സന്ധ്യാസമയത്തും, സൂര്യോദയ സമയത്തും സ്തോത്രകീർത്തനം നടത്തുന്ന നിലയിൽ നാം പർവ്വതങ്ങളെ അദ്ദേഹത്തോടൊപ്പം കീഴ്പെടുത്തുക തന്നെ ചെയ്തു. ശേഖരിക്കപ്പെട്ട നിലയിൽ പറവകളെയും (നാം കീഴ്പെടുത്തി.) എല്ലാം തന്നെ അദ്ദേഹത്തിങ്കലേക്ക് ഏറ്റവും അധികം വിനയത്തോടെ തിരിഞ്ഞവയായിരുന്നു.﴾ (വി. ക്വു. 38: 18, 19)

﴿ أَلَمۡ تَرَ أَنَّ ٱللَّهَ يُسَبِّحُ لَهُۥ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَٱلطَّيۡرُ صَٰٓفَّٰتٖۖ كُلٞ قَدۡ عَلِمَ صَلَاتَهُۥ وَتَسۡبِيحَهُۥۗ ﴾ النور: ٤١

﴿ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും, ചിറക് നിവർത്തിപ്പിടിച്ചു കൊണ്ട് പക്ഷികളും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? ഓരോരുത്തർക്കും തന്റെ പ്രാർത്ഥനയും കീർത്തനവും എങ്ങനെയെന്ന് അറിവുണ്ട്...﴾(വി.ക്വു. 24:41)

തിരുമേനി ﷺയോട് തസ്ബീഹ് ചെയ്യുവാനുള്ള അല്ലാഹു ﷻവിന്റെ കൽപനകൾ നോക്കൂ:

﴿ فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ ٱلسَّٰجِدِينَ ﴾ الحجر: ٩٨

﴿ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് നീ സ്തോത്രകീർത്തനം നടത്തുകയും, നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.﴾ (വി. ക്വു. 15: 98)

﴿ وَمِنَ ٱلَّيْلِ فَٱسْجُدْ لَهُۥ وَسَبِّحْهُ لَيْلًا طَوِيلًا ﴾ الإنسان: ٢٦

﴿രാത്രിയിൽ നീ അവനെ പ്രണമിക്കുകയും ദീർഘമായ നിശാവേളയിൽ അവനെ പ്രകീർത്തിക്കുകയും ചെയ്യുക.﴾ (വി. ക്വു. 76: 26)

﴿ فَسَبِّحْ بِحَمْدِ رَبِّكَ وَٱسْتَغْفِرْهُ ۚ إِنَّهُۥ كَانَ تَوَّابًا ﴾ النصر: ٣

﴿നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും, നീ അവനോടു പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.﴾ (വി. ക്വു. 110: 3)

സത്യവിശ്വാസികളോടു തസ്ബീഹ് ചെയ്യുവാൻ അല്ലാഹു ﷻവിന്റെ കൽപന നോക്കൂ:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ ٱللَّهَ ذِكْرًا كَثِيرًا ﴿٤١﴾ وَسَبِّحُوهُ بُكْرَةً وَأَصِيلًا ﴾

الأحزاب: ٤١ -٤٢

﴿സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ.﴾ (വി. ക്വു. 33: 41, 42)

അല്ലാഹു ﷻവെ വാഴ്ത്തുവാനുള്ള വിശേഷണങ്ങളെ സ്ഥാപിച്ചുകൊണ്ടോ ആക്ഷേപാർഹമായ വർണന അല്ലാഹു ﷻവിനു നിരാകരിച്ചുകൊണ്ടോ വിശുദ്ധ ക്വുർആനിൽ ഇരുപത്തഞ്ച് സ്ഥലങ്ങളിൽ സുബ്ഹാന എന്ന പദം വന്നിട്ടുണ്ട്.

﴿ وَقَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ۗ سُبْحَٰنَهُۥ ۖ بَل لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ﴾ البقرة: ١١٦

﴿അവർ പറയുന്നു: അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന്. അവനെത്ര പരിശുദ്ധൻ! അങ്ങനെയല്ല, ആകാശഭൂമികളിലുള്ളതെല്ലാം തന്നെ അവന്റെതാകുന്നു... .. ﴾ (വി. ക്വു. 2: 116)

മുഴുവൻ പടപ്പുകളുടേയും സ്വലാത്ത് തസ്ബീഹ് ചെയ്യലാണെന്നും അതുകൊണ്ടാണ് ഉപജീവനം ലഭിക്കപ്പെടുന്നതെന്നും തിരുമൊഴിയിലുണ്ട്. അബ്ദുല്ലാഹ് ഇബ്നു അംറി(റ)ൽനിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു

إِنَّ نُوحًا عَلَيْهِ السَّلَام لَمَّا حَضَرَتْهُ الْوَفَاةُ دَعَا ابْنَيْهِ، فَقَالَ: إِنِّي قَاصِرٌ عَلَيْكُمَا الْوَصِيَّةَ، آمُرُكُمَا بِاثْنَتَيْنِ وَأَنْهَاكُمَا عَنْ اثْنَتَيْنِ، أَنْهَاكُمَا عَنْ الشِّرْكِ وَالْكِبْرِ، وَآمُرُكُمَا بِلَا إِلَهَ إِلَّا اللَّهُ ، فَإِنَّ السَّمَوَاتِ وَالْأَرْضَ وَمَا فِيهِمَا لَوْ وُضِعَتْ فِي كِفَّةِ الْمِيزَانِ وَوُضِعَتْ لَا إِلَهَ إِلَّا اللَّهُ فِي الْكِفَّةِ الْأُخْرَى كَانَتْ أَرْجَحَ، وَلَوْ أَنَّ السَّمَوَاتِ وَالْأَرْضَ كَانَتَا حَلْقَةً فَوُضِعَتْ لَا إِلَهَ إِلَّا اللَّهُ عَلَيْهَا لَفَصَمَتْهَا أَوْ لَقَصَمَتْهَا، وَآمُرُكُمَا بِسُبْحَانَ اللَّهِ وَبِحَمْدِهِ فَإِنَّهَا صَلَاةُ كُلِّ شَيْءٍ وَبِهَا يُرْزَقُ كُلُّ شَيْءٍ.

നിശ്ചയം, നൂഹ്(അ) തന്റെ മരണം ആസന്നമായപ്പോൾ തന്റെ ഇരുമക്കളേയും വിളിച്ചുകൊണ്ടു പറഞ്ഞു:

((വസ്വിയ്യത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങൾക്കു കുറവ് വരുത്തിയവനാണ്.

രണ്ടുകാര്യങ്ങൾ ഞാൻ നിങ്ങളോടു കൽപിക്കുകയും രണ്ടു കാര്യങ്ങൾ നിങ്ങളോടു വിരോധിക്കുകയും ചെയ്യുന്നു,

അല്ലാഹുവിൽ പങ്കുചേർക്കലും അഹങ്കാരവും ഞാൻ നിങ്ങളോടു വിരോധിക്കുന്നു.

'ലാ ഇലാഹ ഇല്ലല്ലാഹ്" കൊണ്ടു ഞാൻ നിങ്ങളോടു കൽപിക്കുന്നു.

തീർച്ചയായും ആകാശഭൂമികളും അവയിലുള്ളതും തുലാസിന്റെ ഒരു തട്ടിലും 'ലാഇലാഹ ഇല്ലല്ലാഹ്" മറ്റേ തട്ടിലും വെക്കപ്പെട്ടാൽ അത് (ലാഇലാഹ ഇല്ലല്ലാഹ്) കനം തൂങ്ങും.

തീർച്ചയായും ആകാശഭൂമികൾ രണ്ടും ഒരു വളയമാണെങ്കിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്'' അതിന്മേൽ വെക്കപ്പെട്ടാൽ അത് അതിനെ മുറിച്ചുകളയും അല്ലെങ്കിൽ തകർത്തുകളയും.

നിങ്ങളോടു കൽപിക്കുന്ന മറ്റൊരു കാര്യം 'സുബ്ഹാനല്ലാഹി വബിഹംദിഹി' (എന്ന ദിക്ർ) ആണ്.

തീർച്ചയായും അത് എല്ലാ വസ്തുക്കളുടേയും പ്രാർത്ഥനയാണ്. അതുകൊണ്ട് എല്ലാ വസ്തുക്കൾക്കും ഉപജീവനം നൽകപ്പെടുന്നു.))[1]

ഏതാനും തസ്ബീഹുകൾ:

വല്ലവരും പ്രഭാതമാകുമ്പോഴും പ്രദോഷമാകുമ്പോഴും,

سُبْحَانَ اللهِ وَبِحَمْدِهِ

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. എന്ന് നൂറുതവണ പറഞ്ഞാൽ അവൻ കൊണ്ടുവന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു പ്രവൃത്തിയും ആരും അന്ത്യനാളിൽ കൊണ്ടുവന്നിട്ടില്ല; അയാൾ പറഞ്ഞതുപോലുള്ള അല്ലെങ്കിൽ അതിനേക്കാൾ അധികം ചൊല്ലിയ വ്യക്തിയൊഴികെ എന്ന് നബിﷺ പറഞ്ഞതായി ഇമാം മുസ്ലിമും ഇമാം തിർമുദിയും നിവേദനം ചെയ്ത ഹദീഥുകളിലുണ്ട്.

ആരെങ്കിലും പ്രഭാതത്തിലും പ്രദോഷത്തിലും,

سُبْحَانَ اللَّهِ الْعَظِيمِ وَبِحَمْدِهِ

മഹത്വമേറിയവനായ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. എന്ന് നൂറുതവണ പറഞ്ഞാൽ അവൻ പൂർത്തീകരിച്ചു നിർവഹിച്ചതുപേലെ സൃഷ്ടികളിൽ ഒരാളും നിർവഹിച്ചിട്ടില്ലെന്ന് നബിﷺ പറഞ്ഞതായി സുനനുഅബീദാവൂദിലുണ്ട്. [2]

---

[1] അദബുൽമുഫ്റദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

[2] ഇബ്നുഹിബ്ബാനും അൽബാനിയും സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ദിക്ർ ചൊല്ലുന്നവർക്ക് സ്വർഗത്തിൽ ഒരു ഈത്തപ്പന നട്ടുപിടിപ്പിക്കപ്പെടുമെന്ന് ജാബിറിﷺന്റെ ഹദീഥിലുണ്ട്.[1]

ചുവടെ വരുന്ന രണ്ടു വചനങ്ങൾ,

سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ العَظِيمِ

നാവിന് ഭാരമില്ലാത്തവയും മീസാനിൽ ഭാരമുള്ളവയും റഹ്മാനായ അല്ലാഹുവിന് പ്രിയങ്കരവുമാണെന്ന് നബിﷺ പറഞ്ഞതായി ഇമാം ബുഖാരിയും മുസ്ലിമും നിവേദനം ചെയ്തിട്ടുണ്ട്.

ജുവയ്രിയഃﷺയിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ സുബ്ഹി നമസ്കരിച്ച് പ്രഭാതത്തിൽ അവരുടെ അടുക്കൽനിന്ന് പുറപ്പെട്ടു. അവർ നമസ്കരിച്ച സ്ഥലത്തുതന്നെ ഇരുന്നു. പൂർവ്വാഹ്നം പിന്നിട്ടപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ മടങ്ങിവന്നു. അവർ അപ്പോഴും അവിടെ ഇരിക്കുകയായിരുന്നു. തിരുമേനിﷺ ചോദിച്ചു: ഞാൻ നിങ്ങളെ പിരിഞ്ഞിറങ്ങിയ അതേ അവസ്ഥയിൽ തന്നെയാണോ നിങ്ങളിപ്പോഴും. അവർ പറഞ്ഞു: അതെ. തിരുമേനിﷺ പറഞ്ഞു: ഞാൻ നിങ്ങളെ പിരിഞ്ഞ ശേഷം നാലു വചനങ്ങൾ മൂന്നുതവണ ചൊല്ലുകയുണ്ടായി. ഇന്നു നിങ്ങൾ ചൊല്ലിയ ദിക്റുകളെല്ലാം അവയോടൊത്തു തൂക്കുകയാണെങ്കിൽ അവയായിരിക്കും കനം തൂങ്ങുക.)) (മുസ്ലിം)

سُبْحَانَ اللَّهِ عَدَدَ خَلْقِهِ ، سُبْحَانَ اللَّهِ رِضَا نَفْسِهِ ، سُبْحَانَ اللَّهِ زِنَةَ عَرْشِهِ ، سُبْحَانَ اللَّهِ مِدَادَ كَلِمَاتِهِ

അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ സൃഷ്ടികളുടെ എണ്ണത്തോളം, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ നഫ്സിന്റെ തൃപ്തിയോളം, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ അർശിന്റെ തൂക്കത്തോളം, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ വചനങ്ങളുടെ വ്യാപ്തിയോളം.

ഈ തസ്ബീഹിന്റെ മറ്റൊരു രൂപവും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

---

[1] *മുസ്നദു അഹ്മദ്, മുസ്തദ്റകുഹാകിം. സ്വഹീഹു ഇബ്നിഹിബ്ബാൻ. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*